**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3014** **22-06-2012 - ലെ മറുപടിയ്ക്ക്**

**കൊപ്ര സംഭരണം**

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| | ഡോ. ടി. എം. തോമസ് ഐസക് | | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) | ഇക്കഴിഞ്ഞ വിളവെടുപ്പ് സമയത്ത് മില്ലിങ് കൊപ്രയും ഉണ്ട കൊപ്രയും യഥാക്രമം എന്ത് വില യ്ക്കാണ് സംഭരണം നടത്തിയത് ; | (എ) | 2012 സീസണിലേക്ക് കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്ന താങ്ങുവിലയനുസരിച്ച് മില്ലിംഗ് കൊപ്ര ക്വിന്റലിന് 5100 രൂപയ്ക്കും ഉണ്ട കൊപ്ര ക്വിന്റലിന് 5350 രൂപയ്ക്കുമാണ് ഇക്കഴിഞ്ഞ വിളവെടുപ്പ് സമയത്ത് സംഭരണം നടത്തിയത്. |
| (ബി) | എന്ത് അളവിലാണ് സർക്കാർ നിയോഗിച്ച സംഭരണ ഏജൻസി കൾ മില്ലിങ് കൊപ്രയും ഉണ്ട കൊ പ്രയും സംഭരിച്ചത് എന്ന് വ്യക്തമാ ക്കാമോ ; | (ബി) | 08-06-12 വരെ മാർക്കറ്റ് ഫെഡ് 1001 ടൺ കൊപ്രയും 16-06-12 വരെ കേരഫെഡ് 1850.23 ടൺ കൊപ്രയും സംഭരിച്ചിട്ടുണ്ട്. |
| (സി) | സംഭരണ നടപടികൾ ആരംഭിക്കു ന്നതിൽ കാലതാമസം ഉണ്ടായ തായ ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനുള്ള കാരണങ്ങളെ സംബ ന്ധിച്ച് അന്വേഷണം നടത്തിയി ട്ടുണ്ടോ ; കാരണങ്ങൾ സംബ ന്ധിച്ച വിവരങ്ങൾ വിശദമാക്കാമോ ? | (സി) | ശ്രദ്ധയിൽപ്പെടുകയും അന്വേഷണം നടത്തുകയും ചെയ്യുകയുണ്ടായി. സംഭരണ നടപടികൾ ആരംഭിക്കുന്ന സമയത്ത് സംഘങ്ങൾക്കുണ്ടായ ചില ബുദ്ധിമുട്ടുകൾ സംഭരണത്തിന് കാലതാമസം ഉണ്ടാകുന്നതിനിടയായിട്ടുണ്ട്.<br>എഫ്.എ.ക്യൂ ഗുണനിലവാരമുള്ള കൊപ്ര സംസ്ക്കരിച്ചെടുക്കുന്നതിന് കർഷകർക്കുള്ള വിഷമതകൾ, അക്കൗണ്ട് മുഖാന്തിരം മാറാവുന്ന ക്രോസ് ചെയ്ത ചെക്കുകൾ നൽകുന്നതിന് സംഘങ്ങൾക്കുള്ള ബുദ്ധിമുട്ടുകൾ, സംഭരണത്തിന് നാഫെഡ് നൽകുന്ന ചെലവുകളുടെ അപര്യാപ്തത തുടങ്ങിയ ബുദ്ധിമുട്ടുകൾ സംഘങ്ങൾക്കുണ്ടായതായി മാർക്കറ്റ് ഫെഡ്, കേരഫെഡ് എന്നീ ഏജൻസികൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടായിരുന്നു. |

കൊപ്ര സംഭരണം സംബന്ധിച്ച പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി 28-05-12 ൽ ബഹു. കേരള മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും തുടർന്ന് സംഭരണം നടത്തുന്ന സംഘങ്ങളെ ഉൾപ്പെടുത്തികൊണ്ട് 05-06-2012 ൽ തിരുവനന്തപുരത്തു വച്ചും 08-06-12 ൽ കോഴിക്കോട്ടു വച്ചും മേഖലാ യോഗങ്ങൾ സംഘടിപ്പിക്കുകയുണ്ടായി. കൃഷി വകുപ്പു മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ടി യോഗങ്ങളിൽ സംഘങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ തരണം ചെയ്യുന്നതിനും സംഭരണം ഊർജ്ജിതപ്പെടുത്തുന്നതിനുമുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതിനു പുറമെ സംഭരിക്കുന്ന സംഘങ്ങൾക്ക് ചാക്കൊന്നിന് നാഫെഡ് നൽകുന്ന 27 രൂപയ്ക്ക് പുറമെ 10 രൂപ അധികമായി നൽകുവാൻ സംസ്ഥാന സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**